**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2681** **22-01-2021 - ൽ മറുപടിയ്ക്ക്**

**ജനനി ജന്മരക്ഷ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വകുപ്പ് ജനനി ജന്മരക്ഷ എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി മുഖേന നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; | (എ) | ഉണ്ട്. എ.പി.എൽ./ബി.പി.എൽ ഭേദമെന്യേ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ സംരക്ഷണ ത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകരിച്ച ജനനി ജന്മരക്ഷാ പദ്ധതിയിലൂടെ ടി വിഭാഗക്കാർക്ക് ഗർഭാവസ്ഥയിലും പ്രസവാനന്തരം ഒരു വർഷം വരെ സമ്പൂർണ്ണ പോഷകാഹാരം ഉറപ്പാക്കുകയാണ് വകുപ്പ് ലക്ഷ്യമിടുന്നത്. നവജാത ശിശു മരണം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനും ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനും അമ്മമാർക്ക് സമ്പൂർണ്ണ ആരോഗ്യം ഉറപ്പാക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു. ഗർഭസ്ഥ ശിശുവിന്റെ 3-ാം മാസം മുതൽ പിറന്നു ഒരു വയസ്സ് ആകുന്നതു വരെയുള്ള കാല യളവിൽ (18 മാസം) പ്രതിമാസം 2000/- രൂപ നിരക്കിൽ ഗുണഭോക്താക്കൾക്ക് തുക നേരിട്ട് ലഭ്യമാക്കുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മികച്ച രീതിയിലുള്ള പോഷകാഹാരം ലഭ്യമാക്കുക എന്നതിലൂടെ ആരോഗ്യമുള്ള കുഞ്ഞുങ്ങളെ പ്രസവിച്ച് സംരക്ഷിക്കു ന്നതിന് സാധ്യമാകുന്നു. തുക അനുവദിക്കുന്ന ഘട്ട ങ്ങളിൽ, ഗർഭിണിയായിരിക്കുമ്പോഴും പ്രസവാനന്തരം ശിശുവിനും നൽകേണ്ട പ്രതിരോധ കുത്തിവെയ്പ്പുകൾ ഉറപ്പുവരുത്തുക വഴി പൂർണ്ണമായ ആരോഗ്യം ഉറപ്പ വരുത്താനും സാധിക്കുന്നു. ടി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കിയിട്ടും ആദിവാസി മേഖലകളിൽ ഇപ്പോഴും ശിശുമരണങ്ങൾ ഉണ്ടാകുന്നുവെന്നത് | (ബി) | പദ്ധതി പ്രാവർത്തികമാക്കിയിട്ടും ആദിവാസി മേഖലകളിൽ ഇപ്പോഴും ശിശുമരണങ്ങൾ ഉണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം പരിശോധിക്കുമോ; | | വീട്ടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽ നിന്നും മികച്ച പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, മുലയൂട്ടുമ്പോൾ സംഭവിക്കുന്ന ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു ശിശു മരണത്തിന്റെ പ്രധാന കാരണങ്ങളായി ആരോഗ്യ വകുപ്പ് കണ്ടെത്തിയിരുന്നത്. വിവിധ സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി ക്ഷേമ പദ്ധതികൾ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കിവരുന്നത്. |
| (സി) | പ്രസ്തുത പദ്ധതിക്കായി 2020-21 ൽ എന്ത് തുകയാണ് വകയിരുത്തിയത്; അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | ജനനീ-ജന്മരക്ഷാ പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷം 16.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 13.54 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ